# സി എം എസ് ഹൈ സ്കൂൾ തിരുവല്ല



Kerala Infrastructure and Technology for Education

# ധ്വനി

# താളുകൾ മറിക്കുമ്പോൾ


ആശംസ

- മികവുകളിലൂടെ
- മണ്ണാങ്കട്ടയും കരിയിലയും
- കുഞ്ഞി പൂമ്പാറ്റ
- ഒരു പ്രളയ ദൃശ്യം
- രണ്ട് തവളകൾ
- കടങ്കഥകൾ
- ആരുടെ കുറ്റം
- ചിതലരിക്കുന്ന പുസ്തകതാളുകൾ
- ലഹരിവരുന്ന വഴികൾ
- എന്റെ വിദ്യാലയം
- കന്യാക്കുമാരിയിലേയ്ക്കൊരു യാത്ര
- ചിതറിത്തെറിക്കാത്ത ഓർമ്മകൾ
- രോഗദിനങ്ങൾ
- മഹദ് വചനങ്ങൾ
- കലാം ക്വിസ്
- വായനയെക്കുറിച്ച് മഹാന്മാർ പറഞ്ഞത്
- പഴഞ്ചൊല്ലുകൾ
- കഴിവ് തെളിയിച്ചവർ
- കടപ്പാട്

# ആശംസ

സി എം എസ് എച്ച് എസ് തിരുവല്ലായുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഈ സംരംഭം സ്വാഗതാർഹമാണ്. പൊട്ടച്ചൊല്ലും കളിവാക്കും പറഞ്ഞ് നിഷ്പ്രയോജനകരമായി സമയം പോക്കാതെ , കുട്ടികളുടെ നൈസർഗീക വാസന പരിപോഷിപ്പിക്കാൻ ഡിജിറ്റൽ മാഗസീൻ ഒരു മുഖാന്തരമാകട്ടെ. ഭാവനയുടെ അനന്തതയിൽ ആവോളം ലയിച്ച് സുന്ദരമായ സൃഷ്ടികൾ മറനീക്കി പ്രഭാപൂരിതമാക്കാൻ ഈ യത്നം ഇടയാകട്ടെ. ഒരായിരം ആശംസകളോടെ

മിനി മറിയം ജോൺ
ഹെഡ്മിസ്ട്രസ്

# ധ്വനി

ശിലകളിലും തോലുകളിലും നമ്മുടെ പൂർവീകർ തുടങ്ങിവച്ച എഴുത്ത് പനയോലകളും , കടലാസുകളും പിന്നിട്ട് ഇന്ന് ഡിജിറ്റൽ അക്ഷരങ്ങളിൽ എത്തിനിൽക്കുന്നു.എഴുത്താണിയുടെ സ്ഥാനം കീബോർഡ് കയ്യടക്കി. അതുപോലെ മഷിയുടെ സ്ഥാനം ഇ- മഷിയും .

മാറിവരുന്ന കാലഘട്ടത്തിനനുസരിച്ച് അനുരൂപരാകുക എന്നത് ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ പ്രത്യേകതയാണ്. അതിലേറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് കംപ്യൂട്ടർ പരിജ്ഞാനം. ഇന്നത്തെ തലമുറയ്ക്ക് ഇത്തരം സാങ്കേതിക പരിജ്ഞാനം കൂടാതെ ഇനി മുന്നോട്ട് പോകാനാവില്ല. ഈ പരിജ്ഞാനത്തിലൂടെ കുട്ടികൾ നേടിയ കഴിവുകൾ ധ്വനി യിലൂടെ തെളിയിക്കപ്പെടുകയാണ്.

തങ്ങളുടെ ലോകത്തെ അറിയാനും മനസ്സിലാക്കാനും ഇത്തരം സാങ്കേതിക പരിജ്ഞാനത്തിലൂടെ സാധിക്കട്ടെ എന്ന് പ്രത്യാശിച്ചുകൊണ്ട് ................

എഡിറ്റർ

## രചനാസമിതി

ചീഫ് എഡിറ്റർ - രാഗിമോൾ രാജേഷ്

അംഗങ്ങൾ-ജോഫിയ എലിസബത്ത് ജോബി

മിരിയ മാത്യൂ

ലിബിൻ എം വർക്കി

ആൻ മരിയ മാത്യൂ

ആൽവിൻ വി കെ



## മികവുകളിലൂടെ











## മണ്ണാങ്കട്ടയും കരിയിലയും

ഒരിടത്ത് ഒരു മണ്ണാങ്കട്ടയും കരിയിലയും ഉണ്ടായിരുന്നു. അവർ വലിയ സുഹൃത്തുക്കളായിരുന്നു. അവർ ഇരുവരും ഒരു ദിവസം നടക്കാൻ ഇറങ്ങി. അപ്പോൾ ഒരു കാറ്റ് വീശി. അപ്പോൾ സുഹൃത്തായിരുന്ന മണ്ണാങ്കട്ട കരിയിലയുടെ പുറത്ത് കയറിയിരുന്നു. കാറ്റ്

നിന്നു. അവർ യാത്ര തുടങ്ങി . മഴ പെയ്തു .മണ്ണാങ്കട്ട അലിഞ്ഞു പോകാതിരിക്കാൻ കരിയില മണ്ണാങ്കട്ടയുടെ പുറത്തുകയറിയിരുന്നു.മഴതോർന്നു . പിന്നെയും അവർ യാത്രയായി. അപ്പോൾ മഴയും കാറ്റും ഒരുമിച്ചു വന്നു. കാറ്റിൽ കരിയില പറന്നു പോയി മഴയിൽ മണ്ണാങ്കട്ട അലിഞ്ഞുപോയി.

ശാലോം  സാം ഷാജി
ക്ലാസ്സ്   2


## കുഞ്ഞി പൂമ്പാറ്റ



കുഞ്ഞിപ്പൂവിൻ കവിളത്ത്
മുത്തം നൽകി പൂമ്പാറ്റ
മഞ്ഞനിറത്തിൻ പൂമ്പൊടിയാൽ
മുഖം മിനുക്കും പൂമ്പാറ്റ
പൂന്തേനുണ്ടൊരു പൂമ്പാറ്റ
കുഞ്ഞിച്ചിറകു വിരിച്ചല്ലോ
ആ പൂ ഈ പൂ പൂവുകൾതോറും
പാറിനടക്കും പൂമ്പാറ്റ

അലൻ സി ശോഭൻ
ക്ലാസ്സ് :4

## ഒരു പ്രളയ ദൃശ്യം



ഇനിയൊരു പ്രളയം ഉണ്ടാകാതിരിക്കട്ടെ.

ആൽവിൻ വി കെ
ക്ലാസ്സ് 8

## രണ്ട് തവളകൾ



ഒരിക്കൽ ഒരു മഹാപ്രളയമുണ്ടായി. ഒരു വലിയ കടലിൽ ജീവിച്ചിരുന്ന തവള വെള്ളപ്പൊക്കത്തിൽ കിണറ്റിൽ ചെന്നു പെട്ടു. കിണറ്റിൽ വേറെ ഒരു തവള താമസിച്ചിരുന്നു. കിണറ്റിലെ തവള കടലിലെ തവളയെകണ്ടിട്ട് വളരെ അതിശയത്തോടെ ചോദിച്ചു. നീ എവിടെ നിന്ന് വരുന്നു? കടലിലെ തവള പറഞ്ഞു,

ഞാൻ കടലിൽ നിന്നാണ് വരുന്നത്. കിണറ്റിലെ തവളയ്ക്ക് കടലെന്താണെന്ന് അറിയില്ല.

കിണറ്റിലെ തവള പിന്നെയും കടലിലെ തവളയോട് ചോദിച്ചു കടൽ എന്താണ്? അത് വളരെ വലുതാണോ? കിണറിനെക്കാളും അധികം വലുതാണോ? അപ്പോൾ കടലിലെ തവള താൻ ഇരുന്ന വശത്തുനിന്ന് മറുവശത്തേക്ക് ചാടി. കിണറ്റിലെ തവള ചോദിച്ചു, കടൽ ഇത്രയും മാത്രമേ വലുപ്പമുള്ളോ എന്ന് ചോദിച്ചു. കടലിലെ തവള ജീവിതാവസാനത്തോളം ഈ പ്രവർത്തി ചെയ്തുകൊണ്ടിരുന്നെങ്കിലും കിണറ്റിലെ തവളയ്ക്ക്

കടൽ അതിവിശാലമുള്ളതാണെന്ന് തിരിച്ചറിയാനായില്ല.

സമൂഹ ജീവിയായ മനുഷ്യന്റെ അവസ്ഥ ഇതുതന്നെയാണ്. എത്ര പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചാലും പൊതുവായ ഒരു ഗ്രഹണശക്തിയില്ലെങ്കിൽ ഈ തവളയുടെ അവസ്ഥപോലെ ഒന്നും ഗ്രഹിക്കാൻ കഴിയില്ല.

ആൻമരിയ മാത്യു
ക്ലാസ്സ് 8

## കടങ്കഥകൾ

- അകത്തു തിരതെറുത്തു പുറത്തു മുട്ടയിട്ടു.
  കുരുമുളക്
- അച്ഛനെപ്പേടിയില്ലമ്മയെപ്പേടിയുണ്ടെല്ലാർക്കുമവനേറ്റമുറ്റ ബന്ധു
  ഉപ്പ്
- അടി ചെടി, നടു കായി, തല നെൽച്ചെടി
  കൈതച്ചക്ക
- ഉണ്ടപെണ്ണിന് നൈലോൺ സാരി
  ചുവന്നുള്ളി
- ചപ്പ് ചിന്നം ചിന്നം കായ് മുള്ളും മുള്ളും
  പാവക്ക

- ചില്ലികൊമ്പേൽ മഞ്ഞ പക്ഷി

  പറങ്കിമാങ്ങ
- ഇരുട്ടായിട്ടെണ്ണയെടുത്തു

  എള്ള്
- മുറം നിരച്ചിറ്റട്ട്

  എള്ള്
- വായില്ല കലത്തിൽ രണ്ടു കറി

  മുട്ട
- ചെറുപ്പത്തിൽ ചുവന്നിട്ടും വലുപ്പത്തിൽ കറുത്തിട്ടും

  വരാൽ
- ഞെട്ടില്ലാത്തൊരു മുണ്ടൻചക്ക

  മുട്ട
- ഒരമ്മപ്പെറ്റമക്കളെല്ലാം വളയം കളയം

  പടവലങ്ങ
- ആനക്കൊമ്പിൽ പൊടിയരി

  വഴുതനങ്ങ

അക്ഷയ് അനീഷ്

ക്ലാസ്സ് 3

## ആരുടെ കുറ്റം

കാലമാം രഥത്തിൻ ചക്രം
വേഗത്തിൽ ഉരുളുന്ന നേരം
ഭൂകമ്പമായി കുലുങ്ങിത്തെറിച്ചും
സുനാമിയായി ഇരച്ചുകയറിയും

ഗജയായും ഓഖിയായും വീശിയടിച്ചു
കലിതുള്ളിപെരുവെള്ളമായി
കരമുഴവൻ മുക്കിപ്പിടിച്ചും
ഞാനെന്നോ നീയെന്നോ വേർ
തിരിവില്ലാതെ മാനവനെപാഠം

പഠിപ്പിച്ച കാലമേ
അഹങ്കാരമെന്ന മാനുഷീക
വികാരത്തെ അടിച്ചമർത്താൻ
ആകാതെ പോയതും



ആരുടെ കുറ്റം

അനുശ്രീ റ്റി മോഹനൻ
ക്ലാസ്സ് 9

## ചിതലരിക്കുന്ന പുസ്തക താളുകൾ

കോരിച്ചൊരിഞ്ഞ മഴയുള്ളൊരു ദിവസം. അതിഭയങ്കരമായ ഇടിയും, മിന്നലും, കൊടുംകാറ്റും. കുറേപേർ കടത്തിണ്ണയിലും ബസ്സ്റ്റോപ്പിലും കയറി നിൽക്കുന്നു. ബസ്സ് വന്നപ്പോൾ കുറേപേർ കയറിപ്പോയി. അപ്പോൾ തികച്ചും ഏകനായ ഒരു മനുഷ്യൻ ബസ്സ് റ്റോപ്പിൽ നിൽക്കുന്നു. അപ്പോഴാണ് ആ മനുഷ്യൻ കുറച്ചകലേക്ക് നോക്കിയപ്പോൾ ഒരു കടലാസ് പറന്നു വരുന്നത് കണ്ടത്. ആ കണ്ടത് ഒരു പുസ്തകമായിരുന്നു. ആ പുസ്കത്തിനു കുറേ അധികകാലം പഴക്കമുള്ളതാണെന്ന് അയാൾക്ക് മനസ്സിലായി. അതിലെ ഭൂരിഭാഗവും ചിതലരിച്ച് നഷ്ട്പ്പെട്ടിരുന്നു. മഴനന്നെ കുറഞ്ഞു. ആ പുസ്തകചുരുളുകളുമായി അയാൾ വീട്ടിലേക്കു നടന്നു. അയാൾക്ക് ആകെ ഉണ്ടായിരുന്നത് ഒരു അമ്മയായിരുന്നു. അമ്മ രണ്ട് വർഷങ്ങൾക്കു മുമ്പേ മരിച്ചുപോയിരുന്നു. അനിയത്തിയെ കെട്ടിച്ചയച്ചിരുന്നു.

വീട്ടിൽ അയാൾ തനിച്ചാണ് താമസിച്ചിരുന്നത്. ഗവ. സ്കൂളിലെ അധ്യാപനത്തിൽ നിന്ന് അദ്ദേഹം വിരമിച്ചിട്ട് ഒരു വർഷമാകുന്നു. അദ്ദേഹം വളരെ അധികം സാഹിത്യകൃതികൾ എഴുതിയിട്ടുണ്ട്. കലാകാരന്മാരെ വളരെ അധികം പ്രോത്സാഹിപ്പിച്ചിരുന്ന ഒരു വ്യക്തിയാണ്. അദ്ദേഹം വീട്ടിലെത്തിയപ്പോൾ മഴ തിമിർത്തു പെയ്യാൻ തുടങ്ങി. സമയം ഏകദേശം അഞ്ചു മണിയായി. ആ പുസ്തക ചുരുളുകൾ മേശപ്പുറത്തു വെച്ച ശേഷം ഒരു കട്ടൻകാപ്പിയിടാൻ അദ്ദേഹം അടുക്കളയിലേക്കുപോയി ചൂടോടെയുള്ള ഒരു കട്ടൻകാപ്പി വൈകുന്നേരങ്ങളിൽ അദ്ദേഹത്തിന് നിർബന്ധമായിരുന്നു. അദ്ദേഹം മുറിയിലെത്തി വായന തുടർന്നു.

കാസർഗോഡ് റെയിൽവെ സ്റ്റേഷനിൽവെച്ചാണ് ഞങ്ങൾ ഇരുവരും കണ്ടുമുട്ടുന്നത്. ഞങ്ങൾക്ക് ഇരുവർക്കും ഏകദേശം 20 വയസ്സ് പ്രായമേ ഉണ്ടായിരുന്നൊള്ളൂ. ഞങ്ങൾക്കു ഇരുവർക്കും അച്ഛനും അമ്മയും നഷ്ട്ടപ്പെട്ടിരുന്നു. സഹോദരനെ അന്വേഷിച്ചാണ് ജോർജ്ജ് ഇവിടെ എത്തിയത്. ഞാൻ ചെറുപ്പത്തിലായിരിക്കുമ്പോൾ തന്നെ എന്റെ അച്ഛനും അമ്മയും സഹോദരങ്ങളും നഷ്ടപ്പെട്ടിരുന്നു. ഞങ്ങളുടെ ഇരുവരുടേയും അവസ്ഥ ഒരുപോലെയായിരുന്നതിനാൽ ഞങ്ങൾ വളരെ അധികം സൗഹൃദത്തിലായി. ഞാൻ അവനെ എന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. നീണ്ട ഇരുപതു വർഷങ്ങൾ വളരെ സന്തോഷത്തോടെ കടന്നുപോയി.

ഞങ്ങൾക്കു ഇരുവർക്കും നല്ല ജോലിയും ലഭിച്ചു. അവൻ നല്ല ഒരു കാർഡ്രൈവറായി ഞാൻ ഒരു മെക്കാനിക്കും ആയി. അപ്പോഴാണ് ഒരു കത്ത് വരുന്നത് . അവന്റെ വലിയൊരു സ്വപ്നമായിരുന്നു വെളിരാജ്യത്തുപോയി ജോലിച്ചെയ്യണമെന്നത്. അവന് ദുബായിക്ക് പോകാനുള്ള വിസയായിരുന്നു അത്. ഞങ്ങൾക്കു ഇരുവർക്കും സന്തോഷമാണെങ്കിലും ഇത്രയും വർഷത്തിനുശേഷം പിരിയുന്നതിലുള്ള വേദന അതിഭയങ്കരമായിരുന്നു. പക്ഷേ , അവധിക്ക് വരാം എന്നു പറഞ്ഞ് പരസ്പരം സമാശ്വസിപ്പിച്ചു. അവൻ ദുബായിക്ക് പോകുന്നതിന് മുമ്പുള്ള മൂന്നു ദിവസം സന്തോഷകരമായിരുന്നു.

രാത്രി 12 മണിയോടുകൂടിയുള്ള ഫ്ളൈറ്റിനാണ് അവൻ പോകുന്നത് . ഞാൻതന്നെയാണ് അവനെ കൊണ്ടുവിട്ടത്. ഞങ്ങളുടെ ഇരുവരുടേയും കണ്ണുകൾ നിറഞ്ഞൊഴുകി. ഞാൻ വീട്ടിലേക്ക് മടങ്ങി . അവൻ ഇല്ലാത്ത ഒരു ജീവിതം എനിക്ക് ചിന്തിക്കാനെ കഴിഞ്ഞിരുന്നില്ല . അങ്ങനെ നീണ്ടവർഷങ്ങളായിട്ടും അവന്റെ ഒരു ഫോൺകോൾ പോലും വന്നിരുന്നില്ല . ഈ അവസാന നിമിഷത്തിലെങ്കിലും അവനെ ഒന്നു കാണുവാൻ ഞാൻ ഒരുപാട് ആഗ്രഹിക്കുന്നു.

പെട്ടെന്നാണ് കതകിൽ ഒരു കൊട്ട് കേട്ടത്. വാതിൽ തുറന്നതും അദ്ദേഹത്തിന്റെ സഹോദരിയും ഭർത്താവും കുഞ്ഞുങ്ങളും . അവർ വന്ന് ഏകദേശം ഒരു അഞ്ചുമണിക്കൂർ ചിലവിട്ട ശേഷം അവർ മടങ്ങി . ആ പുസ്തകചുരുളുകൾ വായിക്കാൻ ചെന്നതും അതിന്റെ ബാക്കിഭാഗം ചിതലരിച്ച് നഷ്ടപ്പെട്ടിരുന്നു.

ആതിര വിനോദ്
ക്ലാസ്സ് 9

## ലഹരിവരുന്ന വഴികൾ

ഇന്ത്യയിൽ ലഹരിമരുന്നുകളുടെ ഉപയോഗം വർഷംതോറും കൂടിക്കൂടി വരുന്നതാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പാക്കിസ്ഥാൻ , അഫ്ഗാനിസ്ഥാൻ, ഇറാൻ എന്നീരാജ്യങ്ങളുടെ അതിർത്തി പ്രദേശങ്ങളിൽ നിന്നാണ് ഇന്ത്യയിലേറയും മയക്കുമരുന്നുകൾ എത്തുന്നതെന്നാണ് അധികൃതരുടെ പക്ഷം. ഇവിടങ്ങളിലെ കറുപ്പ് സംസ്കാര ശാലകളിൽ

നിന്നുള്ള ലഹരിമരുന്നുകൾ പ്രധാനമായും കൈമാറ്റം ചെയ്യുന്നത് തീവ്രവാദികൾ വഴിയാണ്. കഞ്ചാവ് , കറുപ്പ്, ഹെറോയിൻ, കൊക്കൈൻ , വേദനസംഹാരികൾ കഫ്സിറപ്പുകൾ തുടങ്ങി ചില അലോപ്പതി മരുന്നുകൾ വരെ പൊതുവായി ഇന്ത്യയിൽ ലഹരിമരുന്നുകളായി ഉപയോഗിക്കുന്നു.

**ലക്ഷണം** : ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ലഹരി വസ്തുക്കൾ പെട്ടെന്ന് കിട്ടാതിരിക്കുമ്പോഴുണ്ടാകുന്ന രക്തസമ്മർദ്ദം വർദ്ധിക്കൽ ,ഉൽകണ്ഠ ,മനം പുരട്ടൽ , തലവേദന, മാനസ്സിക വിഭ്രാന്തി,തുടങ്ങിയവയിലൂടെ ലക്ഷണം കാണിക്കാൻ തുടങ്ങും.

**തീരുമാനം** : ലഹരിവസ്തുക്കൾ ഉപയോഗിക്കില്ലെന്ന് സ്വയം തീരുമാനമെടുക്കുക എന്നതാണ് പ്രധാനം . ലഹരിപദാർഥങ്ങളെക്കുറിച്ചും അവയുടെ ദുരുപയോഗം നിമിത്തം ഉണ്ടാകുന്ന ദുരന്തങ്ങളെക്കുറിച്ചും നല്ല ബോധം നാം ഓരോരുത്തർക്കും ഉണ്ടാക്കിയെടുക്കുക.

ജിയ അന്ന ജോബി
ക്ലാസ് 9

## എന്റെ വിദ്യാലയം

എത്ര സുന്ദരമാണെന്റെ വിദ്യാലയം .
സ്നേഹത്തിൻ ഉറവിടമാണെന്റെ വിദ്യാലയം
പഠനവും, കളിയും, ചിരിയും, സൗഹൃദവും,
സ്നേഹവും നിറഞ്ഞതാണെന്റെ വിദ്യാലയം

നന്മയുടെ ഉറവിടങ്ങളാണെന്റെ
അധ്യാപകർ . തൻ മക്കൾ
എന്ന പോലെ ഏവരേയും
ഒരുപോലെ കാണുന്നവർ

സ്നേഹത്തിൻ ഉറവിടമാണ്സൗഹൃദങ്ങൾ
സ്നേഹിക്കാനും,
ചിരിക്കാനും, കരയാനും
കൂടെ നിൽക്കുന്നചങ്ങാതിമാർ

ജീവിതത്തിൻ സമ്പാദ്യമാണവർ

എന്നെങ്കിലും പിരിയും എന്നറിഞ്ഞിട്ടും
പിരിയാത്ത മനസ്സുമായി
കൂടെ നിൽക്കുന്നവർ

ഇന്നല്ലെങ്കിൽ നാളെ പടി-
ഇറങ്ങണം എന്നുള്ള ദുഃഖത്തി
ന്റെ നാളുകൾ കണ്ണീരോടെ
എണ്ണിത്തീർക്കുന്നവർ

ജോഫിയ എലിസബത്ത് ജോബി
ക്ലാസ്സ് 10

## കന്യാകുമാരിയിലേയ്ക്കൊരു യാത്ര

എന്റെ എട്ടാം ക്ലാസ്സ് ജീവിതത്തിനിടയിലായിരുന്നു കന്യാകുമാരിയിലേയ്ക്കു ഞാനൊരു യാത്ര പോയത് . ജീവിതത്തിൽ മറക്കാനാവാത്ത ഒരനുഭവമായിരുന്നു അത് . ഞാൻ പഠിക്കുന്ന ഉകലശ്ശേരി സി എം എസ് സ്കൂളിൽ നിന്ന് ഇത്തവണ യാത്ര കന്യാകുമാരിയിലേയ്ക്കാക്കിയത് അവിടെ പുതുതായി ബേവാച്ച് എന്ന അമ്യൂസ് മെന്റ് പാർക്കു വന്നതുകൊണ്ടും യാത്ര വിനോദകരമാകുമെന്നുംകരുതിയാണ്.

രാവിലെ അഞ്ചു മണിയായപ്പോൾ ഞങ്ങൾ 52 പേർ അടങ്ങിയ സംഘം ബസ്സിൽ കയറി. കൂട്ടത്തിൽ അഞ്ച് അധ്യാപകരും ഉണ്ടായിരുന്നു. പ്രകൃതി സൗന്ദര്യം ആസ്വദിച്ചുകൊണ്ടുള്ള ഒരു യാത്രയായിരുന്നു അത് . ഞങ്ങൾ ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു. തുടന്നു യാത്ര വീണ്ടും ആരംഭിച്ചു.

റോഡിന് ഇരുവശത്തും കടകളും വീടുകളും ഒക്കെ ഉണ്ടായിരുന്നു . അതിനു പുറമെ മനോഹരമായ മരങ്ങളും അനുഗ്രഹീതമായ കുന്നിൻ ചരിവുകളുമൊക്കെ കണ്ടുകൊണ്ടായിരുന്നു ഞങ്ങളുടെ യാത്ര. ഇതിനിടയിൽ റോഡു വികസനത്തിന്റെ ഭാഗമായി പുതുതായി ആരംഭിച്ച പണികൾ പുരോഗമിക്കുന്നുണ്ടായിരുന്നു. അത് യാത്രയ്ക്കു വിഘ്നമുണ്ടാക്കി. അങ്ങനെ വേഗത്തിലോടിക്കൊണ്ടിരുന്ന വണ്ടി മന്ദഗതിയിലായി. ഞങ്ങൾ പത്തു മണിയോടു കൂടി തിരുവനന്തപുരത്ത് എത്തി. അവിടെ നിന്നും ഏതാനും കാഴ്ച്ചകൾ കാണാനായി കാഴ്ച്ച ബംഗ്ലാവിലേക്കുപോയി. അവിടെ വിവിധതരം മൃഗങ്ങളെയും പക്ഷികളെയുമൊക്കെ കണ്ടു. തുടർന്ന് സ്നേക്ക്പാർക്കിൽ പോയി. വിവിധങ്ങളായ പാമ്പുകളെ കണ്ടു. ഇതൊക്കെ കണ്ടു കഴിഞ്ഞപ്പോഴേയ്ക്കും ഞങ്ങൾ നന്നായി ക്ഷീണിച്ചിരുന്നു. ഒത്തിരി നടക്കുകയും സമയം അതിക്രമിച്ചിരുന്നതിനാലും ഞങ്ങൾ അവിടത്തന്നെയുള്ള ഒരു ഹോട്ടലിൽ നിന്ന് ഉച്ചഭക്ഷണം കഴിച്ചു.

ഞങ്ങൾ തിരുവനന്തപുരത്തുനിന്ന് 1 മണിയോടുകൂടി ബസ്സിൽ കയറി യാത്ര ആരംഭിച്ചു. റോഡിൽ വളരെ അധികം തിരക്കായിരുന്നു. തുടർന്ന് ഞങ്ങൾ മനോഹരമായ വാഴത്തോപ്പുകളും തെങ്ങിൻത്തോപ്പുകളും കണ്ട് ആസ്വദിച്ചുകൊണ്ട് 4 മണിയോടുകൂടി കന്യാകുമാരിയിൽ എത്തി. ഞങ്ങൾ പല ബാച്ചുകളായി അങ്ങോളം ഇങ്ങോളം ഷോപ്പിങ്ങിനായി നടന്നു. സൂര്യാസ്തമനം കാണുന്നതിനായി നല്ല തിരക്കായിരുന്നു. സൂര്യൻ ഒരു കുടം മാതിരി കാണപ്പെട്ടു. തുടർന്ന് കാണാതായി. ആകാശത്തെങ്ങും ചെമപ്പുവാരി വിതറിക്കൊണ്ട് കടന്നുപോയി.

അന്നുരാത്രി ഞങ്ങൾ ഒരു ലോഡ്ജിൽതാമസിച്ചു. പിറ്റേ ദിവസം രാവിലെ 6 മണിയോടെ എണീറ്റു. ഉദയം കണ്ടതിനുശേഷം പ്രഭാത ഭക്ഷണം കഴിച്ചു. അതിനുശേഷം ഞങ്ങൾ നാട്ടിലേക്കു യാത്ര തിരിച്ചു.

ഈ യാത്ര കണ്ണിന് ആനന്ദവും വളരെ വിജ്ഞാനപ്രദവുമായിരുന്നു. ഈ യാത്ര എനിക്ക് ഒരിക്കലും മറക്കാൻ ആവില്ല.

ലിബിൻ എം വർക്കി
ക്ലാസ്സ് 9

## ചിതറിത്തെറിക്കാത്ത ഓർമ്മകൾ

ചിതറിത്തെറിക്കുന്ന ചിന്തകളിൽ അപ്പോഴും
നിന്റെയീ പുഞ്ചിരിയൊന്നു മാത്രം
മഴവില്ലുപോലെ നീ ...മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു...എന്നിലെ മോഹങ്ങളും ....

ചിതറിത്തെറിക്കുന്ന ചിന്തകളിൽ അപ്പോഴും
നിന്റെയീ പുഞ്ചിരിയൊന്നു മാത്രം
മഴവില്ലുപോലെ നീ ...മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു...എന്നിലെ മോഹങ്ങളും ....

കൃഷ്ണതുളസികതിർത്തുമ്പു...മോഹിക്കും
നിന്റെയീ വാർമുടിച്ചുരുളിലെത്താൻ
മണമില്ല മധുവില്ല പൂജക്കെടുക്കില്ല
താനെ വളർന്നൊരു കാട്ടു പൂവാണു ഞാൻ

വിടരും മുമ്പേ പൊഴിയുന്ന ഇതളുള്ള
പൂജക്കെടുക്കാത്ത കാട്ടുപൂവാണു ഞാൻ

ഇഷ്ടമാണെന്നൊന്നു ചൊല്ലുവാൻ വേണ്ടി
നിത്യവും നിൻമുമ്പിലെത്തിടുമ്പോൾ

നിന്റെ കൊലുസ്സിന്റെ നാദങ്ങളിൽ ഞാൻ
താനെ മറന്നൊന്നു നിന്നിടുന്നു.
ഒന്നും പറയാതെയറിയാതെ പോയിടുന്നു
ഇഷ്ടമല്ലെന്നൊരുവാക്കു നീ ചൊല്ലിയാൽ

വ്യർത്ഥമായിപോകുമെൻ ജീവിതം
ഇഷ്ടമല്ലെന്നൊരു വാക്കു നീ ചൊല്ലിയാൽ
വ്യർത്ഥമായി പോകമെൻ ജീവിതം
നീ നടക്കും വഴിയോരത്ത് എന്നെ

കണ്ടാൽ ചിരിക്കാതെ പോകരുതേ....
നിന്റെയീ പുഞ്ചിരി മാത്രം മതി
എനിക്കിനിയുള്ളകാലം കാത്തിരിക്കാൻ.....
ഇനിയുള്ളകാലം കാത്തിരിക്കാൻ.....

മാനുവൽ റെജി
ക്ലാസ്സ് 9

## രോഗദിനങ്ങൾ

- ലോക ക്ഷയരോഗി ദിനമായി ആചരിക്കുന്നത് എന്ന്?

  മാർച്ച് 24
- ലോക ഹെപ്പറ്റെറ്റിസ് ദിനം എന്ന്?

  ജൂലൈ 28
- ലോക ഹീമോഫീലിയ ദിനം എന്ന്?

  ഏപ്രിൽ17
- ലോക മലേറിയ ദിനമായി ആചരിക്കുന്നത് എന്ന്?

  ഏപ്രിൽ 25
- ലോക പ്രമേഹ ദിനം?

  നവംബർ14
- ലോക എയ്ഡ്സ് ദിനം?

  ഡിസംബർ 1
- ലോക അൽഷിമേഴ്സ് ദിനം?

സെപ്റ്റംബർ21

- ലോക കാൻസർ ദിനമായി ആചരിക്കുന്നത് എന്ന്?

ഫെബ്രുവരി 4

- ലോക പോളിയോ ദിനമായി ആചരിക്കുന്നത് എന്ന്?

ഒക്ടോബർ24

- ലോക കുഷ്ഠരോഗനിവാരണ ദിനമായി ആചരിക്കുന്നത് എന്ന്?

ജനുവരി 30

- ലോക പാർക്കിൻ സൺസ് ദിനം എന്ന്?

ഏപ്രിൽ11

നിസി അന്ന ഷാജൻ

ക്ലാസ്സ് 9

## മഹദ് വചനങ്ങൾ

- എന്റെ ജന്മത്തോടെയാണ് എന്റെ ദുഃഖങ്ങൾ തുടങ്ങുന്നത്.

റൂസ്സോ

- ഞാൻ നിഷ്കളങ്കമായ ഒരു ലോകം തേടുകയാണ്.

ഉൻഗാരിറ്റി

- അമ്മയുടെ പുണ്യങ്ങളും അച്ഛന്റെ പാപങ്ങളും പൈതങ്ങളിൽ പ്രകടമാകുന്നു.

ചാൽസ് ഡിക്കൻസ്

- ആത്മവിന്റെ രോഗമാണ് അസൂയ.

ബിച്ചർ

- ജീവിച്ചിടത്തോളം മാത്രമേ എനിക്ക് അറിവുള്ളു.

എമേഴ് സൺ

- നിന്റെ ജോലി എന്തെന്ന് കൃത്യമായി അറിയുക, അറിഞ്ഞ ജോലി കൃത്യമായി ചെയ്യുക.

കാർലെയിൻ

- അഹിംസയാണ് നമ്മുടെ ആയുധം, സഹനമാണ് നമ്മുടെ മാർഗ്ഗം , സ്വാതന്ത്ര്യമാണ് നമ്മുടെ ലക്ഷ്യം.

ഗാന്ധിജി

- പരിഹാസികൾ പട്ടണത്തിൽ കോപാഗ്നി ജ്വലിപ്പിക്കുന്നു, എന്നാൽ ജ്ഞാനികൾ ക്രോധത്തെ ശമിപ്പിക്കുന്നു. അതിനാൽ ജ്ഞാനികളാകുക.

ബൈബിൾ

- കലയിലും സാഹിത്യത്തിലും , ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും രാഷ്ട്രീയ സാമൂഹ്യജീവിതത്തിലും ഇന്ന് ആധുനികതയുടെ സാന്നിദ്ധ്യം ആരെങ്കിലും കാണാതെ പോകുന്നുവെങ്കിൽ അവർ തിമിര രോഗികളോ അന്ധന്മാരോ ആണ് .

ഹെന്റിലെഫേവ്റ്

- ഒറ്റപ്പെട്ടതും അടിത്തറയില്ലത്തതുമായ ഒരു തലമുറയാണ് ഞങ്ങളുടേത്....... ഞങ്ങളുടെ സൂര്യൻ വിളറിയതാണ്. ഞങ്ങളുടെ സ്നേഹം ക്രൂരമാണ്. ഞങ്ങളുടെ യുവത്വം വാർദ്ധക്യമാണ്. ഞങ്ങളുടെ തലമുറ സീമാതീതവും അനിയന്ത്രിതവും അനാഥവുമാണ്.

ഫോൾഫ്ഗാംഗ് ബോർഷർട്ട്

- അദ്ധ്വാനിക്കാതെ ഭക്ഷണം കഴിക്കുന്നവൻ മോഷ്ടിച്ച ഭക്ഷണമാണ് കഴിക്കുന്നത്.

ഭഗവത്ഗീത

- ഒരു ജാതി , ഒരു മതം , ഒരു ദൈവം മനുഷ്യന്.

ശ്രീനാരായണഗുരു

രാഗി മോൾ രാജേഷ്

ക്ലാസ

# കലാം ക്വിസ്




ബ്രിട്ടീഷ് റോയൽ സൊസൈറ്റി നൽകിയ ചാൽസ് രണ്ടാമൻ അവാർഡ് ഡോ . കലാമിന് ലഭിച്ച വർഷം?

2007

ഡോ. എ . പി. ജെ. അബ്ദുൽ കലാമിന് കബറടക്കിയ സ്ഥലം ?

രാമേശ്വരം

കേരളത്തിൽ പുതുതായി രൂപികരിക്കുന്ന സാങ്കേതിക സർവ്വ കലാശാലയുടെ പേരെന്ത്?

എ പി ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാല

ഡോ. കലാമിന്റെ ആത്മക്കഥ?

അഗ്നിച്ചിറകുകൾ

എ പി ജെ അബ്ദുൽ കലാമിന്റെ പൂർണ്ണ രൂപം ?

അവുൽ പക്കീർ

കലാം തമിഴിൽ രചിച്ച 17 കവിതകളുടെ ഇംഗ്ലീഷ് മൊഴിമാറ്റത്തിനു നൽകിയ പേര്?

മൈ ജേർണി (എന്റെ യാത്ര)

ആദ്യമായി ലക്ഷ്യത്തിലെത്തിച്ച കൃത്രിമ ഉപഗ്രഹം?

രോഹിണി 1980 ജൂലൈ

മിസൈൽ മാൻ ഓഫ് ഇന്ത്യ എന്ന് ലോകം വിശേഷിപ്പിച്ച ശാസ്ത്രജ്ഞൻ?

ഡോ . എ പി ജെ അബ്ദുൽ കലാം

ഡോ. കലാമിന് പത്മഭൂഷൻ ലഭിച്ച വർഷം ?

1981

ഡോ. അബ്ദുൽ കലാം ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന കാലഘട്ടം?

2002 മുതൽ 2007 വരെ

സജിത ആർ എസ്

ക്ലാസ്സ് 9

## വായനയെക്കുറിച്ച് മഹാന്മാർ പറഞ്ഞത്

- "വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ച് വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും".

  കുഞ്ഞുണ്ണിമാഷ്
- "വായന മനുഷ്യനെ പൂർണ്ണനാക്കുന്നു".

  ഫ്രാൻസിസ് ബേക്കൺ
- "വായിക്കുന്നതിലല്ല വായിച്ചത് ഓർമ്മിച്ചുവെക്കുന്നതിലാണ് വിജ്ഞാനം".

  ഹെൻട്രി വാർഡ് ബീച്ചർ
- "ഇന്ന് വായിക്കുന്നവനാണ് നാളെയുടെ നേതാവ്".

  മാർഗറേറ്റ് ഫുള്ളർ
- "വായന എന്നത് വാക്കുകൾക്ക് മുകളിലൂടെയുള്ള നടത്തമല്ല അവയുടെ ആത്മാവിനെ ഗ്രഹിക്കലാണ് ".

  പൗലോ ഫ്രെയർ
- "ജീവിതത്തിലെ അപര്യാപ്തകളോടുള്ള പ്രതിഷേധമാണ് വായന ".

മരിയ വാർഗസ് യോസ

- "ജീവിതാവസാനം വരെ എനിക്ക് മൂന്നേമൂന്ന് സാധനങ്ങളെ വേണ്ടൂ പുസ്തകം, പുസ്തകങ്ങൾ, പുസ്തകങ്ങൾ മാത്രം".

ഡോ. രാധാകൃഷ്ണൻ

- "പുസ്തകമില്ലാത്ത ഭവനം ആത്മാവില്ലാത്ത ശരീരം പോലെയാണ്".

സിസറോ

സ്റ്റെറീന സനോജ്
ക്ലാസ്സ് 9



## ഓണവുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ

- കാണം വിറ്റു ഓണം ഉണ്ണണം.
- അത്തം കറുത്താൽ ഓണം വെളുക്കും.
- തിരുവോണം തിരുതകൃതി.
- ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര.
- ഓണം വന്നാലും ഉണ്ണിപ്പിറന്നാലും.
  കോരന് കുമ്പിളിൽ കഞ്ഞി.
- ഉണ്ടെങ്കിൽ ഓണം ഇല്ലെങ്കിൽ പട്ടിണി.
- ഓണം വരാൻ ഒരു മൂലം വേണം.

ക്ലാസ്സ് 4
ജെസ്സി

## വിവിധ മേളകളിൽ കഴിവ് തെളിയിച്ചവർ



മിരിയ മാത്യു(ക്ലാസ്സ് 9)

പ്രാദേശിക ചരിത്രരചന (ഉപജില്ല 2-ാം സ്ഥാനം)
ഉപന്യാസരചന (ഉപജില്ല 1-ാം സ്ഥാനം)



രാഗിമോൾ രാജേഷ്(ക്ലാസ്സ് 9

മലയാളം റൈപ്പിങ്(ഉപജില്ല 2-ാംസ്ഥാനം)





ലിബിൻ എം വർക്കി(ക്ലാസ്സ് 9)
ഡിജിറ്റൽ പെയിന്റിങ്(ഉപജില്ല 2-ാം സ്ഥാനം)
ഹൈജമ്പ്(ഉപജില്ല 2ാം സ്ഥാനം)

സിനമോൾ ബിന(ക്ലാസ്സ് 10)
ഹൈജമ്പ്(ഉപജില്ല 1ാം സ്ഥാനം)



ആതിര വിനോദ്(ക്ലാസ്സ് 9)
പ്രവർത്തി പരിചയ മേള(ഉപജില്ല 2-ാം സ്ഥാനം)

## ***കടപ്പാട്***

# ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ

സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ അധ്യാപകർക്കും ഒരായിരം നന്ദി..........

**ചീഫ് എഡിറ്റർ**